ഒരാളെ പറ്റിയും മനസ്സിൽ മോശപ്പെട്ട ധാരണ വെച്ചുപുലർത്തരുത്. ആരെ സംബന്ധിച്ചായാലും കേൾക്കുന്ന വാർത്തകൾ തെളിവില്ലാതെ വിശ്വസിക്കരുത്. വ്യക്തികളോട് മോശം രീതിയിൽ പെരുമാറാൻ അത് കാരണമാകും. കണ്ടതും കേട്ടതും വിശ്വസിക്കൽ മനുഷ്യന് ചേർന്നതല്ല.

മനുഷ്യർ എല്ലാവരും നല്ലവരാണ്. ആരും മനപ്പൂർവം തെറ്റ് ചെയ്യുകയില്ല. സാഹചര്യങ്ങളാണ് ഓരോരുത്തരുടെയും കർമ്മങ്ങളെ ആവിഷ്കരിക്കുന്നത്. സാഹചര്യങ്ങളിൽ പലതും വിട്ടുവീഴ്ച അർഹിക്കുന്നതുമാകുന്നു.

ക്ഷമ, വിട്ടുവീഴ്ച എന്നീ രണ്ടു കവാടങ്ങൾ ഉള്ളപ്പോൾ ബന്ധങ്ങൾക്കിടയിൽ ശത്രുതക്കും തെറ്റിദ്ധാരണകൾക്കും സ്ഥാനമില്ല. തെറ്റിദ്ധാരണ കുറ്റകരമാണ്. അത് സഹോദരന്റെ നേരെ സ്വമനസ്സിനെ കൊട്ടിയടക്കാൻ പ്രേരിപ്പിക്കും.

സദ്വിചാരം മനസ്സുകൾക്കിടയിൽ സ്നേഹം വർദ്ധിപ്പിക്കും. ആത്മബന്ധം ശക്തിപ്പെടുത്തും. അത് ബന്ധങ്ങളിലെ കളങ്കങ്ങളെ ശുദ്ധീകരിക്കും.

ആളുകളെ പറ്റി മനസ്സിൽ സദ്വിചാരം ഇല്ലാതാക്കുന്നതും സംശയം ഉണ്ടാക്കുന്നതും പിശാചാണ്. മനുഷ്യബന്ധങ്ങൾ നല്ല രീതിയിലാകുന്നത് അവൻ ഇഷ്ടപ്പെടുന്നില്ല.

പൂർണമായ അറിവും അനുഭവവും ഇല്ലാതെ മോശമായ ധാരണ വെച്ചുപുലർത്താവതല്ല. കേട്ടുകേൾവി മാത്രം ആശ്രയിക്കുന്ന പലരെയും കാണാം. അത്തരക്കാരുടെ സാമൂഹിക ബന്ധം നല്ല രീതിയിലായിരിക്കുകയില്ല.

സമീപനങ്ങളും സംസാരവും കലവറയില്ലാത്തതാകണം. തന്നെ ആരെങ്കിലും സംശയിക്കുന്നത് ഇഷ്ടപ്പെടാത്തവരാണെല്ലാവരും. ഓരോ ദിവസവും ശുഭചിന്തയോടു കൂടിയായിരിക്കണം ജനത്തെ അഭിമുഖീകരിക്കുന്നത്. സദ്വിചാരമുണ്ടെങ്കിൽ മാത്രമേ അത് സാധിക്കുകയുള്ളു.

മൂഢധാരണ മനസ്സിലുണ്ടെങ്കിൽ സത്യത്തിന് അംഗീകാരം കുറയും. തെറ്റിദ്ധാരണക്കായിരിക്കും അവിടെ സ്ഥാനം. സദ്വിചാരത്തിന് നേരെ എതിരാണ് ഊഹം. ഊഹത്തിൽ നിന്നാണ് തെറ്റിദ്ധാരണ ജനിക്കുന്നത്. വ്യക്തിപരവും സാമൂഹികവുമായി ഒട്ടേറെ പ്രയാസങ്ങൾ അതുണ്ടാക്കും.

സദ്വിചാരത്തിന് രണ്ട് ഭാഗമുണ്ട്. ഒന്ന്, ദൈവത്തെക്കുറിച്ച് നല്ലത് വിചാരിക്കുക. അപ്പോഴാണ് അവൻ നമ്മെക്കുറിച്ച് സംതൃപ്തനാകുന്നത്. രണ്ട്, മനുഷ്യരെപ്പറ്റി നല്ലത് വിചാരിക്കുക. ജനങ്ങളുമായുള്ള ബന്ധം നന്നാക്കുക എന്നതാണ് സദ്വിചാരത്തിന്റെ അടിസ്ഥാനം. അത് നന്നാകാതെ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധവും ഊഷ്മളമാവുകയില്ല. അഥവാ, ജനങ്ങളുമായുള്ള ബന്ധം നന്നാക്കുന്നതിലൂടെയാണ് ദൈവവുമായുള്ള ബന്ധവും നന്നാവുകയുള്ളു.

പുഞ്ചിരിക്കുന്ന മുഖത്തോടെ കാണുക, ഹൃദ്യമായി സമീപിക്കുക, നല്ല രീതിയിൽ സംസാരിക്കുക. ഇത് പുണ്യകർമം. എന്നാൽ, മനസ്സിൽ സദ്വിചാരമില്ലാത്ത ഒരാൾക്ക് ഇത് സാധിക്കുകയില്ല.

പരിചിതരായ ഓരോ വ്യക്തിയോടും എങ്ങനെ സമീപ്പിക്കണമെന്ന് നാം മനസ്സിലാക്കണം. എല്ലാവരോടും ഒരേ രീതിയിൽ പെരുമാറുന്നത് ആരോഗ്യകരമല്ല. ചിലരോട് ഏറെ ഗുണകാംക്ഷയും വിട്ടുവീഴ്ചയും കാണിക്കേണ്ടിവരും. ചിലരോട് ഏറെ ഗൗരവത്തിൽ പെരുമാറേണ്ടിവരും. വ്യക്തികൾ വ്യത്യസ്തരായതിനാൽ സമീപനവും വ്യത്യസ്തമാകണം.

നന്മയോട് സഹകരിക്കാനും തിന്മയെ പ്രതിരോധിക്കാനും ആളുകളെ സംബന്ധിച്ച സദ്വിചാരം ആവശ്യമാണ്. എങ്കിലേ അവരുമായി സഹകരണം സാധിക്കുകയുള്ളു. എല്ലാ കാര്യങ്ങളും രൂപപ്പെടുന്നതെങ്ങനെയെന്നും എല്ലാവരോടും സമീപിക്കേണ്ടതെങ്ങനെയെന്നും ചിന്തിക്കുന്ന ഒരാൾക്ക് സമൂഹത്തിൽ ഒന്നും പ്രശ്നമാകില്ല.

തന്നിൽ സംഭവിച്ച ഒരു അപരാധത്തിന്റെ പേരിൽ ക്ഷമ ചോദിക്കുന്നതും സദ്വിചാരത്തിന്റെ ഭാഗമാണ്. ക്ഷമ ചോദിക്കാതിരിക്കുന്നത് മറ്റൊരു തെറ്റ് ചെയ്യലാകുന്നു.

ശ്രദ്ധേയമായ ഒരു കാര്യമുണ്ട്. പലവിധത്തിലുള്ള രഹസ്യങ്ങൾ സൂക്ഷിക്കുന്നവരാണ് ജനങ്ങൾ. തന്റെ രഹസ്യം ആരും അറിയരുതെന്ന് നിർബന്ധമുള്ളവർ. എന്നാലും ഒരാൾ സൂക്ഷിക്കുന്ന മറ്റൊരാളുടെ രഹസ്യം തന്നോട് പറയാതിരുന്നാൽ ഒരുതരം പ്രയാസമാണ്. അത് തുറന്നു പറയാത്തവനോട് വിമ്മിട്ടം. ഇത് സദ്വിചാരത്തിന് ചേർന്നതല്ല. കുഴപ്പങ്ങൾക്ക് കാരണവുമാണ്.

നന്മയുടെ വസന്തം മനസ്സിലെ നന്മയെ ആശ്രയിച്ചാണിരിക്കുന്നത്. മനസ്സും നാവും നന്നായാൽ കർമ്മം നന്നായി.

സദ്‌വിചാരത്തിന്റെ അടിസ്ഥാനം ഗുണകാംക്ഷയാകുന്നു. രത്നത്തെക്കാൾ വിലകൂടിയ താണത്. സദ്വിചാരം മനസ്സിൽ ഇല്ലാത്തവൻ മാനുഷിക പ്രതിബദ്ധതയയില്ലാത്തവനാകുന്നു. അത്തരം മനസ്സുകൾക്ക് ഒരിക്കലും സമൂഹത്തോട് ആരോഗ്യപരമായി ഇടപെടുവാൻ സാധിക്കുകയില്ല. അവൻ എത്ര സ്വാധീനമുള്ളവനാണെങ്കിലും ശരി.

ഒരാളെ സംബന്ധിച്ച സദ്‌വിചാരത്തിന് പോറലേൽപിക്കും വിധം വല്ലതും സഭവിച്ചാൽ അത് ആ നിലയിൽ കൊണ്ടുനടക്കരുത്. അതിന്റെ സത്യാവസ്ഥ ആരായുകയും ചെയ്യാൻ സാധിക്കുന്ന പരിഹാരത്തിലൂടെ അവസ്ഥ നന്നാക്കുകയും ചെയ്യുക.

ആരെങ്കിലും താനുമായുള്ള ബന്ധത്തിൽ മോശമായി പെരുമാറിയാൽ വിട്ടുവീഴ്ച ചെയ്യുക. പിന്നീട് അതിന് നിമിത്തമായ സാഹചര്യം കണ്ടെത്തുകയും മാന്യമായി അത് പരിഹരിക്കുകയും ചെയ്യുക. തന്റെ പെരുമാറ്റം ഒരാളെ പ്രയാസപ്പെടുത്തിയെന്ന് ബോധ്യപ്പെട്ടാൽ ക്ഷമ ചോദിക്കുക. എങ്കിൽ മാത്രമേ ജനങ്ങളുമായുള്ള ബന്ധം നന്നാവുകയുള്ളു.